# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/194/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 05

### പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിസിക്കൽ എജ്യൂക്കേഷൻ ഡിഗ്രി പരീക്ഷകൾ സെപ്തംബർ 30ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും.

### എം.ടെക് പ്രവേശനപ്പരീക്ഷ

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് കംപ്യൂട്ടർ സയൻസിൽ 2016-18 വർഷത്തേക്കുള്ള എം.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഗേറ്റ് യോഗ്യത ഇല്ലാത്തവർക്ക് വേണ്ടിയുള്ള പ്രവേശനപ്പരീക്ഷ സെപ്തംബർ 8ന് ഉച്ചയ്ക്ക് 1.30ന് നടത്തും. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ ബന്ധപ്പെടുക ഫോൺ 0481-2731037.

### പാരാമെഡിക്കൽ ബിരുദം: പ്രാദേശിക സംവരണ സീറ്റൊഴിവ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിലെ ബി.എസ്.സി നഴ്സിങ് കോഴ്സിന് റാങ്ക് 1760 മുതൽ 2655 വരെ നെടുങ്കണ്ടം (ഉടുമ്പൻചോല താലൂക്കിൽ ഉൾപ്പെട്ടവർ) പ്രാദേശിക സംവരണ സീറ്റിലും, ബി.എസ്.സി എം.എൽ.റ്റി കോഴ്സിന് റാങ്ക് നമ്പർ 751 മുതൽ 1000 വരെ പുതുപ്പള്ളി (പുതുപ്പള്ളി, മീനടം, കൂരോപ്പട, അയർക്കുന്നം, അകലക്കുന്നം, മണർകാട്, പള്ളിക്കത്തോട്, പാമ്പാടി, പനച്ചിക്കാട്, വാകത്താനം, വിജയപുരം പഞ്ചായത്തിൽ ഉൾപ്പെട്ടവർ) പ്രദേശിക സംവരണ സീറ്റിലും ഓരോ സീറ്റൊഴിവുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ സെപതംബർ 8ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം എസ്.എം.ഇ ഗാന്ധിനഗർ സെന്ററിലുള്ള ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in , ഫോൺ 0481-6061012, 6061014.

### എൽ.എൽ.ബി എസ്.ടി സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ത്രിവൽസര എൽ.എൽ.ബി (4 പി.എം - 9 പി.എം.) കോഴ്സിന് എസ്.ടി വിഭാഗത്തിൽ നാല് സീറ്റുകളും ബി.ബി.എ എൽ.എൽ.ബി കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റും വീതം ഒഴിവുണ്ട്. സർവ്വകലാശാല നോട്ടിഫിക്കേഷൻ അനുസരിച്ച് നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾ സെപ്തംബർ 7ന് ഉച്ചയ്ക്ക് 2 മണിക്ക് എസ്.എച്ച്.മൗണ്ട് സൂര്യകാലടി ഹിൽസിലുള്ള സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ ബന്ധപ്പെട്ട എല്ലാ രേഖകളുമായി ഹാജരാകണം. ഫോൺ 0481-2310165.

### യു.ജി.സി നെറ്റ്/ജെ.ആർ.എഫ് പരിശീലനം

എം.ജി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ യു.ജി.സി നടത്തുന്ന നെറ്റ്/ജെ.ആർ.എഫ് പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനപരിപാടിയിൽ ഇംഗ്ലീഷ്, കൊമേഴ്സ് വിഷയങ്ങൾക്കുള്ള ക്ലാസ്സ് സെപ്തംബർ 24ന് ആരംഭിക്കും. പരിശീലന പരിപാടിയിൽ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി/മൈനോരിറ്റി/ബി.പി.എൽ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ള വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 0481-2731025.

### പരീക്ഷാ ഫലം

2016 മാർച്ച് മാസം എറണാകുളം ഗവ. ലോ കോളജിലും, തൊടുപുഴ അൽ-അസ്ഹർ ലോ കോളജിലും നടത്തിയ രണ്ടും നാലും സെമസ്റ്റർ എൽ.എൽ.എം ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 22 വരെ സ്വീകരിക്കും.

2015 സെപ്തംബർ മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ ഫിലോസഫി (പ്രൈവറ്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്തംബർ 19 വരെ സ്വീകരിക്കും.

## ഇന്നത്തെ സിൻഡിക്കേറ്റ് യോഗതീരുമാനങ്ങൾ

1. സർവ്വകലാശാല പരീക്ഷകൾ ഓൺലൈനാക്കുന്നതിന്റെ പ്രാരംഭ നടപടിയായി, തൊടുപുഴ യൂണിവേഴ്സിറ്റി കോളജ് ഓഫ് എഞ്ചിനീയറിംഗ്, സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസ് എന്നിവിടങ്ങളിലെ ബി.ടെക് പരീക്ഷകൾ ഓൺലൈനാക്കുന്നതിനെപ്പറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് പരീക്ഷാ സ്റ്റാൻഡിംഗ് കമ്മറ്റി കൺവീനറെ ചുമതലപ്പെടുത്തി.

2. നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത ഓട്ടോണമസ് കോളജുകളുടെ ബിരുദ കോഴ്സിലെ മാർജിനൽ സീറ്റു വർദ്ധനയ്ക്കുള്ള അപേക്ഷകൾ നിരസിക്കാനും സർവ്വകലാശാലയുടെ അനുമതിയില്ലാതെ നടത്തിയ പ്രവേശനം റദ്ദാക്കുവാനും തീരുമാനിച്ചു. ഓട്ടോണമസ് കോളജുകളിലെ ഡിഗ്രി, പി.ജി കോഴ്സുകളിലെ അഡ്മിഷൻ ലിസ്റ്റ് ഒരാഴ്ചയ്ക്കകം സർവ്വകലാശാലയ്ക്ക് സമർപ്പിക്കണമെന്നാവശ്യപ്പെടാനും തീരുമാനിച്ചു.

3. ഐ.ഐ.ആർ.ബി.എസ്–ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സിൻഡിക്കേറ്റ് സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചു.

4. സർവ്വകലാശാലാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി യൂണിയൻ തെരഞ്ഞെടുപ്പു നടത്തുന്ന കോളജുകൾക്കെതിരെ അന്വേഷണം നടത്തും.

5. സർവ്വകലാശാലാ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിച്ചു.

6. ദിവസ വേതന ജീവനക്കാരുടെ പ്രതിഫലം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സിൻഡിക്കേറ്റ് സ്റ്റാഫ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

7. പരീക്ഷകൾ കൃത്യമായി നടത്തുന്നതിനും ഫലപ്രഖ്യാപനം സമയബന്ധിതമായി പൂർത്തിയാക്കാനും വേണ്ട നടപടികൾ സ്വീകരിക്കും.

യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)